# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

**M.Sc Hotel Management & Tourism പ്രോഗ്രാമിന്റെ പേര് മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (MHM) എന്നാക്കി മാറ്റുകയും പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത നിശ്ചയിക്കുകയും - ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

അക്കാദമിക്ക് എ9 സെക്ഷൻ

സ.ഉ.നം.5958/AcAIX/2/MScHm&T/2017 തീയതി, പി.ഡി.ഹിൽസ്, 07.10.2017

---

സൂചന:-1) ശ്രീ.ടിസ്സൻ തച്ചങ്കരി, മാനേജർ, മൗണ്ട് റോയൽ കോളേജ്, മൂന്നാർ, സമർപ്പിച്ച 16/03/2016 ലെ കത്ത്.

2) 01/08/2016 ൽ സർവ്വകലാശാലയിൽ കൂടിയ വിദഗ്ദസമിതി- M.Sc Hotel Management & Tourism യോഗം.

3) 28/02/2017 തീയതിയിലെ ശ്രീ.ടിസ്സൻ തച്ചങ്കരി, മാനേജർ, മൗണ്ട് റോയൽ കോളേജ് സമർപ്പിച്ച കത്ത്.

4) 06.05.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നമ്പർ 106/AC17/17175..

5) 28.06.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 12(106/AC17/17175)

6) 16.09.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് OA-12/17.12/17283

7) 25.09.2017 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് OA നമ്പർ. 5.

8) ബഹു. വൈസ് ചാൻസിലറുടെ 06.10.2017- ലെ ഉത്തരവ്.

## <u>ഉത്തരവ്</u>

സൂചന (1) പ്രകാരം മാനേജർ, മൗണ്ട് റോയൽ കോളേജ്, M.Sc Hotel Management &Tourism പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത 40% മാർക്കോടു കൂടിയ ഏതെങ്കിലും ബിരുദം എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ടിരുന്നു. നിലവിൽ സർവ്വകലാശാലാ ഉത്തരവ് നമ്പർ 5098/AC AIX/2/2015/Acad തീയതി 3/09/2015 പ്രകാരം M.Sc Hotel Management &Tourism പ്രോഗ്രാമിന്റെ അംഗീകൃത പ്രവേശന യോഗ്യത താഴെ പറയും പ്രകാരമാണ്.

"Graduation in Science with not less than CGPA 2.00 out of 4 in Core Group(Core+ Complementary+ Open Courses) or Graduation in Science with not less than 50% marks in Part III Subjects(Main/Core + Subsidiaries/Complementaries)."

സൂചന (2) പ്രകാരം സർവ്വകലാശാലയിൽ കൂടിയ- (M.Sc Hotel Management & Tourism -നെ വിദഗ്ധ സമിതി 2014 ജൂലൈ 5-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യ ഗസറ്റ് പ്രകാരം UGC യുടെ അംഗീകൃത സവിശേഷ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾ ഹോട്ടൽ മാനേജ്മെന്റിൽ - MHM(Master of Hotel Management) ഉം MHMCT(Master of Hotel Management and Catering Technology) ആയതിനാൽ 2017-2018 അഡ്മിഷൻ മുതൽ

M.Sc Hotel Management &Tourism പ്രോഗ്രാമിന്റെ പേര് MHM(Master of Hotel Management) എന്നാക്കി മാറ്റണമെന്ന് നിർദ്ദേശിച്ചു. കൂടാതെ ടി. പ്രോഗ്രാമിന് ചേരുവാൻ വേണ്ട പ്രവേശന യോഗ്യത താഴെ പറയും പ്രകാരം വേണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.

a) "A Degree in Hotel Management/Hospitality Management in 10+2+3 pattern with a minimum of 45% marks in aggregate or its equivalent degree from any other University "

b) Graduation in any discipline with a minimum of 45% marks awarded by Mahatma Gandhi University or its equivalent degree along with a one year Diploma in Hotel Management / Hospitality Management awarded by Mahatma Gandhi University or its equivalent/ State Board of Technical Education/National Council for Hotel Management and Catering Technology".

സൂചന (3) പ്രകാരം മാനേജർ, മൗണ്ട് റോയൽ കോളേജ് MHM കോഴ്സിന്റെ പ്രവേശന യോഗ്യത 45% മാർക്കോടുകൂടി ഏതെങ്കിലും ബിരുദം എന്നാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ട് നല്കിയ അപേക്ഷയും 1/08/2016 ൽ കൂടിയ വിദഗ്ദസമിതിയുടെ നിർദ്ദേശങ്ങളും 06.05.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരിഗണിക്കുകയും വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങളും മാനേജർ, മൗണ്ട് റോയൽ കോളേജ് സമർപ്പിച്ച യോഗ്യത ഇളവിനുള്ള അപേക്ഷയും "അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ച് ഉത്തരവുണ്ടാവുകയും ചെയ്തു.

സൂചന (5) പ്രകാരം 28.06.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം പ്രസ്തുത വിഷയം പഠിക്കുകയും താഴെ പറയുന്ന ശിപാർശകൾ സമർപ്പിക്കുകയുമുണ്ടായി.

"എം.എസ്.സി.ഹോട്ടൽ മാനേജ്മെന്റ് & ടൂറിസം വിദഗ്ദസമിതി നിർദ്ദേശമനുസരിച്ച് എം.എസ്.സി.ഹോട്ടൽ മാനേജ്മെന്റ് & ടൂറിസം പ്രോഗ്രാമിന്റെ പേര് മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് എന്നാക്കി മാറ്റുന്നതിന് ശുപാർശ ചെയ്യുന്നു.

ടി പ്രോഗ്രാമിന്റെ മിനിമം പ്രവേശനയോഗ്യത സയൻസിൽ 50% മാർക്കോടെയും (Part III Main/Core + Subsidiaries/Complementaries) സയൻസിതര വിഷയങ്ങളിൽ 45% മാർക്കോടെയും (Part III Main/Core + Subsidiaries/Complementaries) അല്ലെങ്കിൽ തത്തുല്യ ഗ്രേഡോടു കൂടിയ (Core+Complementary+Open Course) ബിരുദം എന്നാക്കി നിശ്ചയിക്കുന്നതിനും ശുപാർശ ചെയ്യുന്നു".

സൂചന (6) പ്രകാരം 16/09/2017-ലെ സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും 'അക്കാദമിക് ' കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശകൾ അക്കാദമിക് കൗൺസിൽ തീരുമാനത്തിന് വിധേയമായി അംഗീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സൂചന (7) പ്രകാരം 25/09/2017 -ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശിപാർശ കൂടി കണക്കിലെടുത്ത് ബഹു. വൈസ് ചാൻസലർ

28/06/2017-ലെ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സൂചന (5) പ്രകാരമുള്ള ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, ചാപ്റ്റർ 3. സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് സൂചന (8) പ്രകാരം അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
അംബിക ആർ.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്ക്)
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്

1. വി.സി യുടെ പി.എസ്.
2. പി.വി.സി യുടെ പി.എസ്.
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ.
4. മാനേജർ, മൗണ്ട് റോയൽ കോളേജ്.
5. ജെ.ആർ II(ഭരണവിഭാഗം)/ഡി.ആർII/എ.ആർIII (അക്കാദമിക്).
6. ജെ.ആർ.IV /ഡി.ആർ.VI /എ.ആർ XXII (പരീക്ഷാവിഭാഗം)
7. EB IX സെക്ഷൻ/EI 3 സെക്ഷൻ,
8. എ.സി.സി സെക്ഷൻ/ സിസ്റ്റം അഡ്മിൻ.
9. എ.സി.എ I/എ.സി.എVII സെക്ഷൻ/എസി.ബി.VI/എസി.ബി.VII
10. കണ്ടെന്റ് മാനേജ്മെന്റ്/ഐ.ക്യു.എ.സി.
11. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: AcAIX/2/M.Sc HM&T/2016